**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 829** **11-02-2025 - ൽ മറുപടിയ്ക്ക്**

**വിദ്യാഭ്യാസാനുകൂല്യങ്ങൾ യഥാസമയം വിതരണം ചെയ്യാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. നജീബ് കാന്തപുരം,<br>ശ്രീ. എ. കെ. എം. അഷ്റഫ്,<br>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ | | ശ്രീ ഒ . ആർ. കേളു<br>(പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | പട്ടികജാതി, പട്ടികവർഗ്ഗ, മറ്റ് പിന്നാക്ക വിഭാഗങ്ങളിൽപ്പെട്ട വിദ്യാർത്ഥികളുടെ ലംപ്സം ഗ്രാന്റ് ഉൾപ്പെടെയുള്ള വിദ്യാഭ്യാസാനുകൂല്യങ്ങൾ വിതരണം ചെയ്യുന്നതിൽ കുടിശിക വരുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ; | (എ) | **<u>പട്ടികവർഗ്ഗം</u>**<br><br>നിലവിൽ പട്ടികവർഗ്ഗ വിഭാഗ വിദ്യാർത്ഥികളുടെ 2023-24 വർഷം വരെയുള്ള ഇ -ഗ്രാന്റ്സ് കുടിശ്ശിക പൂർണമായും അനുവദിച്ചു നൽകിയിട്ടുണ്ട്. നടപ്പു സാമ്പത്തിക വർഷത്തെ ആനുകൂല്യങ്ങൾ കേന്ദ്ര സംസ്ഥാന സ്കോളർഷിപ്പ് മാനദണ്ഡങ്ങൾക്ക് വിധേയമായി അനുവദിച്ചു വരുന്നു.<br><br>**<u>പട്ടികജാതി</u>**<br><br>അപ്രൂവൽ ലഭിച്ച പട്ടികജാതി വിദ്യാർഥികളുടെ ഇ-ഗ്രാന്റ്സ് പോസ്റ്റ്മെട്രിക് സ്കോളർഷിപ്പ് ക്ലെയിമുകൾ 2024 -25 സാമ്പത്തിക വർഷം ബഡ്ജറ്റിൽ ലഭ്യമായ 223 കോടി രൂപയും, അധിക തുക വകയിരുത്തിയത് മുഖേന ലഭിച്ച 110 കോടി രൂപയും ഉൾപ്പടെ 333 കോടി രൂപ പൂർണ്ണമായും വിനിയോഗിച്ച് കൊണ്ട് കുടിശിക വിതരണം ചെയ്തിട്ടുണ്ട്. 2023-24 അധ്യയന വർഷത്തെ പ്രീമെട്രിക്/ പോസ്റ്റ്മെട്രിക് സ്കോളർഷിപ്പ് ക്ലെയിമുകൾ പൂർണ്ണമായും പേയ്മെന്റ് ചെയ്തിട്ടുണ്ട്. 2024-25 അധ്യയന വർഷത്തെ അപ്രൂവൽ ലഭിച്ച പോസ്റ്റ്മെട്രിക് സ്കോളർഷിപ്പ് ക്ലെയിമുകളിൽ ലഭ്യമായ തുക ഉപയോഗിച്ച് വിതരണം ചെയ്തിട്ടുണ്ട്. അവശേഷിക്കുന്ന ക്ലെയിമുകളിലെ തുക വിതരണം പൂർത്തീകരിക്കുന്നതിനായി ബന്ധപ്പെട്ട ശീർഷകത്തിൽ നിന്നും അധിക തുക വകയിരുത്തി നൽകുന്നതിനായുള്ള നടപടികൾ സ്വീകരിച്ച് വരുന്നു.<br><br>**<u>പിന്നാക്ക വിഭാഗ വികസന വകുപ്പ്</u>**<br><br>ഒ.ഇ.സി, ഒബിസി(H) ഒ.ബി.സി വിഭാഗത്തിൽപ്പെടുന്ന വിദ്യാർത്ഥികളുടെ പ്രീമെട്രിക് വിദ്യാഭ്യാസാനുകൂല്യം അനുവദിക്കുന്നതിന് നാളിതുവരെ കുടിശ്ശിക വരുത്തിയിട്ടില്ല. സാങ്കേതിക പ്രശ്നങ്ങൾ ഇല്ലാതെ ഇ- |

| | | | |
|---|---|---|---|
| | | | ഗ്രാന്റ്സ് പോർട്ടൽ വഴി അപേക്ഷിച്ച ഒ.ഇ.സി, ഒ.ബി.സി(എച്ച്), എസ് .ഇ .ബി. സി വിഭാഗങ്ങളുടെ പോസ്റ്റ്മെട്രിക് ആനുകൂല്യം 2022-23 വരെ പൂർണ്ണമായും 2023-24 വരെ അംഗീകരിച്ച അപേക്ഷകൾക്കും അനുവദിച്ചിട്ടുണ്ട്. |
| (ബി) | വിദ്യാഭ്യാസാനുകൂല്യങ്ങൾ യഥാസമയം വിതരണം ചെയ്യാത്തത് അവരുടെ തുടർവിദ്യാഭ്യാസത്തെ പ്രതികൂലമായി ബാധിച്ചിട്ടുണ്ടോ; | (ബി) | പട്ടികജാതി , പട്ടികവർഗ്ഗ വിഭാഗം വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ ആനുകല്യങ്ങൾ സമയ ബന്ധിതമായി വിതരണം ചെയ്തു വരുന്നുണ്ട്.<br><br>ആനുകൂല്യം അനുവദിക്കുന്നതിലെ കാലതാമസം മൂലം വിദ്യാർത്ഥികൾക്കുണ്ടാകുന്ന ബുദ്ധിമുട്ട് ഒഴിവാക്കുന്നതിന് സ്ഥാപന മേധാവികൾക്ക് നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. |
| (സി) | വിദ്യാഭ്യാസാനുകൂല്യങ്ങളുടെ കുടിശിക എന്നത്തേക്ക് വിതരണം ചെയ്യാൻ കഴിയുമെന്ന് വ്യക്തമാക്കുമോ? | (സി) | **<u>പട്ടികവർഗ്ഗം</u>**<br><br>പട്ടികവർഗ്ഗ വിഭാഗ വിദ്യാർത്ഥികളുടെ 2023-24 വർഷം വരെയുള്ള ഇ -ഗ്രാന്റ്സ് കുടിശ്ശിക പൂർണമായും അനുവദിച്ചു നൽകിയിട്ടുണ്ട് . നടപ്പു സാമ്പത്തിക വർഷ ആനുകൂല്യങ്ങൾ കേന്ദ്ര-സംസ്ഥാന സ്കോളർഷിപ്പ് മാനദണ്ഡങ്ങൾക്ക് വിധേയമായി അനുവദിച്ചു വരുന്നു.<br><br>**<u>പട്ടികജാതി</u>**<br><br>2023-24 അധ്യയന വർഷത്തെ അപ്രൂവൽ ലഭിച്ച പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ് ക്ലെയിമുകൾ 2024-25 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് വിഹിതത്തിൽ നിന്നും ലഭ്യമായ തുകയും, അഡീഷണൽ ഓതറൈസേഷൻ മുഖേനെ ലഭ്യമായ 110 കോടിയും ചേർത്ത് ആകെ 333 കോടി രൂപ കൊണ്ട് കുടിശ്ശിക പൂർണ്ണമായും വിതരണം നടത്തിയിട്ടുണ്ട് .<br><br>2024-25 വർഷത്തെ സ്കോളർഷിപ്പ് വിതരണം സമയബന്ധിതമായി പൂർത്തീകരിക്കുന്നതാണ്.<br><br>**<u>പിന്നാക്ക വിഭാഗ വികസന വകുപ്പ്</u>**<br><br>ബഡ്ജറ്റിൽ 2023-24 ൽ വകയിരുത്തിയിട്ടുള്ള 220 കോടിക്ക് പുറമെ 396 കോടി രൂപയുടെ അധിക ധനാനുമതി അഭ്യർത്ഥിച്ച് കുടിശ്ശിക തീർപ്പാക്കുന്നതിന് നടപടി എടുത്തിരുന്നു. 2024-25 ൽ 240 കോടി രൂപ പൂർണ്ണമായും ചെലവഴിച്ചതിനെ തുടർന്ന് 18 കോടി രൂപ അധികമായി അനുവദിച്ചിരുന്നു. എങ്കിലും കുടിശ്ശിക പൂർണ്ണമായും നൽകുന്നതിന് കൂടുതൽ തുക ആവശ്യമായതിനാൽ ഫണ്ട് ലഭ്യതയ്ക്കു വിധേയമായി കുടിശിക പൂർണ്ണമായും നൽകുന്നതാണ്. |

സെക്ഷൻ ഓഫീസർ